# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 94

## 25.04.2017 ലെ മറുപടിക്ക്

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

| | ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു ധനസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഫണ്ടിൽനിന്ന് എന്തെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്ന് വിശദമാക്കാമോ; | ഉണ്ട്.<br>31.10.2016-ലെ ജി.ഒ.(പി) നം. 165/2016/ധന പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>പൊതുജനോപകാര സാമൂഹികോന്നമന ജീവകാരുണ്യ പദ്ധതികൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. |
| (ബി) | ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും ആയത് ലഭിച്ചതിന് ശേഷവുമുള്ള ഭരണപരമായ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിയ്ക്കാം. അപേക്ഷയോടൊപ്പം ആധാർ കാർഡ്/ റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പുറം എന്നിവയുടെ കോപ്പികൾ ഉൾക്കൊള്ളിക്കണം.<br>മുഖ്യമന്ത്രിയ്ക്ക് നേരിട്ടോ, ധനകാര്യ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി/ മന്ത്രിസഭയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹമായ ധനസഹായം അനുവദിച്ചുനൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹികമായും സാമ്പത്തികമായും പാർശ്വവല്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് രൂപവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ.(പി)നം.165/2016/ധന. തിരുവനന്തപുരം, തീയതി 31/10/2016.

---

പരാമർശം:- പി.എ /ഒ.എസ്-ഡി-സി.എം-2016, തീയതി 05/10/2016.

ഉത്തരവ്

വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും, ക്ഷേമവും ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിനുമായി മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് എന്ന പേരിൽ ഒരു പൊതുജന ക്ഷേമ ഫണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽനിന്നും ഉദാരമായി സംഭാവനകൾ/ സ്പോൺസർഷിപ്പ് എന്നിവയിലൂടെ ഫണ്ട് സമാഹരണം ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപവൽക്കരിച്ചിട്ടുള്ളത്. സമൂഹത്തിന്റെ ഉന്നമനത്തിനായി എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണം ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ പൂർണ്ണമായ ചുമതലയിലായിരിക്കും. പദ്ധതിയുടെ ഘടന, ഉദ്ദേശ്യലക്ഷ്യങ്ങൾ, ഫണ്ട് സമാഹരണം, ഫണ്ട് വിനിയോഗം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അനുബന്ധം

**പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ**

**ജനറൽ കമ്മിറ്റി**

മുഖ്യമന്ത്രി - എക്സ് ഒഫീഷ്യോ ചെയർമാൻ

ധനകാര്യ വകുപ്പ് മന്ത്രി - എക്സ് ഒഫീഷ്യോ വൈസ് ചെയർമാൻ

ചീഫ് സെക്രട്ടറി - എക്സ് ഒഫീഷ്യോ മെമ്പർ

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി - എക്സ് ഒഫീഷ്യോ മെമ്പർ & ട്രഷറർ

ധനകാര്യ അഡീഷണൽ/ജോയിന്റ് സെക്രട്ടറി (ഫണ്ട്സ് വിഭാഗം) - കൺവീനർ & എക്സ് ഒഫീഷ്യോ മെമ്പർ

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മറ്റ് മേഖലകളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതും

അടിയന്തിരമായി നടപ്പിലാക്കേണ്ടതുമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സാമ്പത്തികപ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക് സമാശ്വാസ ധനസഹായം, വൃദ്ധജനങ്ങളെയും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുന്നതിനുള്ള ധനസഹായം തുടങ്ങിയ ധനസഹായ ആവശ്യങ്ങൾക്കായാണ് ഈ ഫണ്ടിലുള്ള തുക വിനിയോഗിക്കേണ്ടത്.

<u>ഫണ്ട് പ്രവർത്തനം</u>

മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിലേക്ക് ലഭിക്കുന്ന സംഭാവനകൾ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

<u>ഫണ്ട് സമാഹരണം</u>

സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽനിന്നും ഉദാരമായ സംഭാവനകൾ/സ്പോൺസർഷിപ്പ് എന്നിവ മുഖേന ഫണ്ട് സമാഹരണം നടത്തുന്നതാണ്. പ്രസ്തുത സംഭാവനകൾ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നേരിട്ട് അടക്കുകയോ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലെടുത്ത ഡി.ഡി/ചെക്ക് മുതലായവ മുഖേന ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ സർക്കാരിന്റെ അറിവോടെ പൊതുജനങ്ങൾക്ക്/സന്നദ്ധ സ്ഥാപനങ്ങൾക്ക് നേരിട്ട് സ്പോൺസർഷിപ്പ് മുഖേന ഈ പദ്ധതിയുടെ ഫണ്ട് സമാഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

<u>ഫണ്ടിന്റെ വിനിയോഗം</u>

ജനസാന്ത്വന പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ അതാത് ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അയക്കുന്നതും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നിക്ഷേപിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി.& എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ.& ആർ.എസ്.എ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്--മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്--മാർഗ്ഗ നിർദ്ദേശങ്ങൾ-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഫണ്ട്സ്) വകുപ്പ്**

**ജി.ഒ.(പി)1/2017/ധന** **തിരുവനന്തപുരം, തീയതി: 04/01/2017.**

---

പരാമർശം:- ജി.ഒ.(പി)നം.165/2016/ധന. തീയതി 05/10/2016.

**ഉത്തരവ്**

വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും, ക്ഷേമവും ഏകോപിപ്പിക്കുന്നതിനുമായി പരാമർശപ്രകാരം **'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്'** എന്ന പേരിൽ പൊതുജന പങ്കാളിത്തത്തോടെ ഒരു പൊതുജനക്ഷേമ ഫണ്ട് ആരംഭിക്കാൻ സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു.

1. **ആമുഖം**

i) സമൂഹത്തിലെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ അടിയന്തിര പരിഹാരം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റൽ, പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങളുടെ അടിയന്തിര അറ്റകുറ്റപ്പണികൾ, നവീകരണം എന്നീ പൊതുജനോപകാര /സാമൂഹികോന്നമന/ ജീവകാരുണ്യപദ്ധതികൾ/ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് പൊതുജന പങ്കാളിത്തത്തോടെ തുക സ്വരൂപിക്കുന്ന ജനസാന്ത്വന ഫണ്ട് ഉപയോഗിക്കുന്നത്.

ii) പ്രസ്തുത ഫണ്ടിന്റെ പ്രവർത്തനം താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും നടപ്പിലാക്കുന്നത്.

2. **വ്യാപ്തി**

ആരോഗ്യം,വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിയന്തിരമായി നടപ്പാക്കേണ്ടതായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതുജീവിതത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള പൊതുസ്ഥാപനങ്ങളുടെ അടിയന്തിരമായ പുനരുദ്ധാരണം നടപ്പിലാക്കുക, സാമ്പത്തിക പ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക സമാശ്വാസധനസഹായം നൽകുക, ഗൃഹനാഥൻ മരണപ്പെടുകയോ/ശയ്യാവലംബരാകുകയോ ആയി ദുരിതം അനുഭവിക്കുന്നതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് ഉപജീവനത്തിനായി തൊഴിൽ പരിശീലനത്തോടെയുള്ള ജീവിതമാർഗ്ഗമൊരുക്കുക, തലചായ്ക്കാൻ സ്വന്തമായി ഇടമില്ലാത്തവർ, വിധവകൾ, അഗതികളായിട്ടുള്ള

വൃദ്ധരും തൊഴിൽ ചെയ്ത് ജീവിക്കാൻ കഴിവില്ലാത്തവരുമായിട്ടുള്ളവർ, മാറാരോഗികൾ, ഏതെങ്കിലും തരത്തിലുള്ള പീഡനങ്ങൾ ഏൽക്കേണ്ടി വന്നവർ, പുറംപോക്കിൽ താമസിക്കുന്നവർ തുടങ്ങിയവരെ പുനരധിവസിപ്പിക്കുക, നിർദ്ധനരായിട്ടുള്ളവരുടെ ശോചനീയാവസ്ഥയിലായ വീടുകളുടെ പുനർ നിർമ്മാണം നടത്തുക, അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതുജനോപകാരപ്രവർത്തനങ്ങൾക്കാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. സമൂഹത്തിൽ വിവിധ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടവരുമായ വ്യക്തികൾക്ക് നേരിട്ടും/സന്നദ്ധ സംഘടനകൾക്കും/സ്ഥാപനങ്ങൾക്കും ധനസഹായവും ഈ ഫണ്ടിൽ നിന്നും അനുവദിക്കും. പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ/സാമൂഹ്യപ്രവർത്തനത്തിൽ താൽപര്യമുള്ള സ്ഥാപനങ്ങൾ, ഉദാരമനസ്കരായ പ്രമുഖ വ്യക്തികൾ മുതലായവരുടെ സഹകരണത്തോടുകൂടിയാണ് ഫണ്ട് സ്വരൂപിക്കലും വിനിയോഗവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

3. **ധനസഹായ പരിധി**

- നിർമ്മാണം/അറ്റകുറ്റപണികൾ/നവീകരണം എന്നിവയ്ക്കുള്ള ധനസഹായം പരമാവധി മൂന്നര ലക്ഷം രൂപ
- വൃദ്ധജനങ്ങളുടേയും പുറംപോക്കിൽ താമസിക്കുന്നവരുടേയും പുനരധിവാസത്തിനുള്ള ധനസഹായം പരമാവധി രണ്ടു ലക്ഷം രൂപ
- സാമ്പത്തിക പ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്കുള്ള സമാശ്വാസ ധനസഹായം പരമാവധി ഒരു ലക്ഷം രൂപ
- മറ്റ് സമാശ്വാസ ധനസഹായം പരമാവധി പതിനായിരം രൂപ
- മേൽ സൂചിപ്പിച്ച പരിധിയിൽ കൂടുതൽ തുക അനുവദിക്കുന്നത് മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രമായിരിക്കും.

4. **സഹായത്തിനായി അപേക്ഷിക്കേണ്ട വിധം**

i) അപേക്ഷയ്ക്ക് നിശ്ചിത മാതൃകയില്ല. ധനസഹായം ലഭിക്കുന്നതിന് വ്യക്തികൾ/സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ എന്നിവർക്ക് സർക്കാരിലേക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പൊതുതാൽപ്പര്യമെന്ന നിലയിൽ ഏതൊരു പൗരനും ബുദ്ധിമുട്ടനുഭവിക്കുന്നവർക്കുവേണ്ടി ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. ധനസഹായം ഉൾപ്പെടെയുള്ള ആശ്വാസപദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന റേഷൻകാർഡ്, ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപുറം എന്നിവയുടെ പകർപ്പ് നിർബന്ധമായും അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കണം.

ii) മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിൽ നിന്നുമുള്ള സഹായത്തിനായി അപേക്ഷകൾ മുഖ്യമന്ത്രിക്ക് നേരിട്ടോ, ധനകാര്യവകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവർക്കോ സമർപ്പിക്കാവുന്നതാണ്.

## 5. നടപടി സ്വീകരിക്കൽ

i) മുഖ്യമന്ത്രി/ ധനകാര്യമന്ത്രി/ചീഫ് സെക്രട്ടറി/ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകൾ ധനകാര്യ(ഫണ്ട്സ്) വകുപ്പിൽ നിന്നും അതാത് ജില്ലാകളക്ടർമാരുടെ റിപ്പോർട്ടിനായി അയയ്ക്കുന്നതാണ്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് ജില്ലാകളക്ടർമാർ പത്ത് ദിവസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്. സഹായ ധനം/വീട് നിർമ്മാണം എന്നിങ്ങനെയുള്ള അപേക്ഷകളിൻമേൽ അപേക്ഷകന്റെ അപേക്ഷാതീയതിക്ക് മുൻപുള്ള ആറ് മാസത്തെ വരുമാനവിവരം കൂടി ഉൾപ്പെടുത്തിയുള്ള റിപ്പോർട്ടാണ് നൽകേണ്ടത്. സമാനമായ ആവശ്യത്തിന് അപേക്ഷകന് സർക്കാർ/സർക്കാരിതരസ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ നിന്നും മുമ്പ് സഹായം ലഭിച്ചിട്ടില്ലെന്നും ഇപ്പോൾ സഹായം അനിവാര്യമാണെന്നും കളക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ii) ജില്ലാകളക്ടർമാർക്ക് നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൻമേൽ മേൽപറഞ്ഞിട്ടുള്ള റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി വേണം ധനകാര്യവകുപ്പിന് അപേക്ഷ കൈമാറേണ്ടത്. ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി/മന്ത്രിസഭയുടെ ഉത്തരവിന് വിധേയമായി അർഹമായ ധനസഹായം, ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സംവിധാനത്തിലൂടെ ഗുണഭോക്താവിന്റെ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേക്ക് ധനകാര്യവകുപ്പിൽ നിന്നും അനുവദിച്ചു നൽകുന്നതാണ്. അപേക്ഷ സമർപ്പിക്കപ്പെട്ട് ഒരു മാസത്തിനുള്ളിൽ തന്നെ സഹായം ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും നടപടികളുടെ ഫയൽ വൈകിപ്പിക്കുകയോ നടപടികളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

iii) ജനസാന്ത്വനഫണ്ടിൽ നിന്നും വ്യക്തികൾക്ക് സ്ഥലം വാങ്ങുന്നതിനോ വീട് വയ്ക്കുന്നതിനോ ധനസഹായം അനുവദിക്കുന്നപക്ഷം ഗുണഭോക്താവ് പ്രസ്തുത വസ്തു വകകൾ പന്ത്രണ്ട് വർഷത്തേക്ക് ക്രയവിക്രയം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ റവന്യൂ അധികൃതർ കൈക്കൊള്ളേണ്ടതാണ്.

## 6. പദ്ധതി നിർവ്വഹണം

പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ /ഗൃഹനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി സർക്കാർ വ്യക്തമായ ഉത്തരവ് അതാത് കാലത്ത് പ്രസിദ്ധീകരിക്കുന്നതാണ്.

## 7. വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ച്

ഈ പദ്ധതിയുടെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ചോ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായതെന്തും സംസ്ഥാന സർക്കാർ ഉത്തരവ്

മുഖേന നടപ്പാക്കുന്നതാണ്. മാർഗ്ഗരേഖയിൽ എന്തുതന്നെ സൂചിപ്പിച്ചിരുന്നാലും ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി.& എസ്.എസ്.എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ.& ആർ.എസ്.എ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ